# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4098 — 26/06/2013-ൽ മറുപടിയ്ക്ക്

## വരൾച്ച ദുരിതാശ്വാസ ജോലികളിൽപ്പെടുത്തി കോട്ടയം ജില്ലയിലെ കുടിവെള്ള വിതരണം

| ചോദ്യം<br>ശ്രീ.കെ. അജിത് | മറുപടി<br>ശ്രീ.പി .ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) ഈ വർഷത്തെ വരൾച്ചാ ദുരിതാശ്വാസ ജോലികളിൽ പ്പെടുത്തി കോട്ടയം ജില്ലയിലെ കുടിവെള്ള വിതരണത്തിന് എത്ര തുക അനുവദിച്ചു എന്നും ഇതിൽ നിന്നും ഓരോ നിയോജകമണ്ഡലത്തിനും എത്ര തുക വീതം അനുവദിച്ചു എന്നും വ്യക്തമാക്കുമോ; | (എ) **ജില്ലാ കളക്ടർ, കോട്ടയം**<br><br>ഈ സാമ്പത്തിക വർഷം വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനം നേരിടുന്നതിനായി ഈ ജില്ലയ്ക്ക് 10,12,18,391/- രൂപ അനുവദിച്ചിട്ടുണ്ട്. വാഹനങ്ങളിൽ കുടിവെള്ളവിതരണം നടത്തുന്നതിനായി 1,51,25,013/- രൂപ തഹസിൽദാർമാർക്കും 613 ഹാൻഡ് പമ്പുകൾ റിപ്പയർ ചെയ്യുന്നതിനായി 51,49,200/- രൂപയുടെ ഭരണാനുമതി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിനും നൽകിയിട്ടുള്ളതാണ്. ജില്ലയിൽ വിവിധ നിയമസഭാ മണ്ഡലങ്ങളിലായി 156 കുടിവെള്ളപദ്ധതികൾക്കായി **5,37,63,050/-** രൂപയുടെ ഭരണാനുമതി നൽകി. ആകെ **7,40,37,263/-** രൂപ ഇതുവരെ ചെലവഴിച്ചു. വാഹനങ്ങളിൽ കുടിവെള്ളവിതരണം നടത്തിയത് നിയോജകമണ്ഡലം അടിസ്ഥാനത്തിലല്ല, താലൂക്ക് അടിസ്ഥാനത്തിലാണ്. നിയോജകമണ്ഡലം അടിസ്ഥാനത്തിൽ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിനും വിവിധ കുടിവെള്ളപദ്ധതികൾക്കുമായി ഭരണാനുമതി നൽകിയത് സംബന്ധിച്ചുള്ള തുകയുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>1.കോട്ടയം നിയോജകമണ്ഡലം -52,41,865/-രൂപ<br>2.ഏറ്റുമാന്നൂർ നിയോജകമണ്ഡലം -47,69,000/-രൂപ<br>3.പാലാ നിയോജകമണ്ഡലം -59,87,400/-രൂപ<br>4.പൂഞ്ഞാർ നിയോജകമണ്ഡലം -67,34,400/-രൂപ<br>5.വൈക്കം നിയോജകമണ്ഡലം -59,54,655/-രൂപ<br>6.കടുത്തുരുത്തി നിയോജകമണ്ഡലം -64,49,589/-രൂപ<br>7.കാഞ്ഞിരപ്പള്ളിനിയോജകമണ്ഡലം -72,74,771/-രൂപ<br>8.പുതുപ്പള്ളി നിയോജകമണ്ഡലം -93,60,600/- രൂപ<br>9.ചങ്ങനാശ്ശേരി നിയോജകമണ്ഡലം -71,39,970/- രൂപ |

**എം ഡി, കേരള വാട്ടർ അതോറിറ്റി**

കോട്ടയം ജില്ലയിലെ നിയോജകമണ്ഡലങ്ങൾക്ക് അനുവദിച്ച തുക താഴെചേർക്കുന്നു.

| മണ്ഡലം | ജില്ലാ കളക്ടർ (ലക്ഷം രൂപാ) | കേരള വാട്ടർ അതോറിറ്റി (ലക്ഷം രൂപാ) |
|---|---|---|
| കോട്ടയം | 51.42 | 64.00 |
| പുതുപ്പള്ളി | 65.47 | 86.63 |
| കാഞ്ഞിരപ്പള്ളി | 14.66 | 55.20 |
| പാലാ | 28.80 | 16.51 |
| കടുത്തുരുത്തി | 4.60 | 18.90 |
| ഏറ്റുമാന്നൂർ | 36.46 | 35.85 |
| പൂഞ്ഞാർ | 27.60 | 16.85 |
| ചങ്ങനാശ്ശേരി | 55.74 | 14.35 |
| ആകെ | 284.75 | 308.29 |

ഇതുപ്രകാരം ജില്ലാകളക്ടറുടെ ഫണ്ടും കേരള വാട്ടർ അതോറിറ്റി ഫണ്ടും ഉൾപ്പെടെ കോട്ടയം നിയോജകമണ്ഡലത്തിന് 115.42 ലക്ഷം രൂപയും പുതുപ്പള്ളിയിൽ 152.10 ലക്ഷവും, കാഞ്ഞിരപ്പള്ളി യിൽ 69.86 ലക്ഷവും , പാലായിൽ 45.31 ലക്ഷവും, കടുത്തുരുത്തിയിൽ 23.50 ലക്ഷവും, ഏറ്റുമാന്നൂരിൽ 72.31 ലക്ഷവും, പൂഞ്ഞാറിൽ 44.45 ലക്ഷവും, ചങ്ങനാശ്ശേരിയിൽ 70.09 ലക്ഷം രൂപയും അനുവദിച്ചു. ആകെ അനുവദിച്ച തുക 593.04 ലക്ഷം.

**റവന്യൂ വകുപ്പ്**

വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി കോട്ടയം ജില്ലയ്ക്ക് ഈ സാമ്പത്തിക വർഷം 10,12,18,391/-(പത്തുകോടി പന്ത്രണ്ടു ലക്ഷത്തി പതിനെണ്ണായിരത്തി മുന്നൂറ്റി തൊണ്ണൂറ്റൊന്നു രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

(ബി) അനുവദിച്ച തുക മുഴുവൻ ചെലവഴിച്ചിട്ടുണ്ടോ;

(ബി) **ജില്ലാ കളക്ടർ, കോട്ടയം**

ഇല്ല.

**എം ഡി, കേരള വാട്ടർ അതോറിറ്റി**

ചെലവഴിച്ചിട്ടില്ല.

(സി) അനുവദിച്ച തുകയ്ക്കുള്ള ജോലികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

(സി) ഇല്ല

സെക്ഷൻ ഓഫീസർ